## എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്.
## ചെന്നീർക്കര

little KITEs

# നിറകതിർ

## മാഗസിൻ 2023-24





അലീന രാജൻ

# നാറാണത്തു ഭ്രാന്തൻ

പറയിപ്പെറ്റ പന്തിരുകുലത്തിലെ എട്ടാമനായിരുന്നു നാറാണത്തു ഭ്രാന്തൻ. നിരവധി അത്ഭുതകാര്യങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ട്. ആ പ്രവർത്തികളിലെ വൈചിത്യവും , പെരുമാറ്റത്തിലെ അസാധരണത്വവും കൊണ്ടാണ് അദ്ദേഹം നാറാണത്തു ഭ്രാന്തൻ എന്നറിയപ്പെട്ടത്.

അദ്ദേഹത്തിന്റെ ഓരോ പ്രവൃത്തിയും മനുഷ്യർക്കു പഠിക്കാൻ ഉള്ള ഗുണപാഠങ്ങൾ അടങ്ങിയതായിരുന്നു. ഇടതു കാലിൽ മന്തുണ്ടായിരുന്ന അദ്ദേഹത്തിന് വസ്ത്രധാരണത്തിലോ, ജീവിതചര്യങ്ങളിലോ തെല്ലും ശ്രദ്ധയോ, ചിട്ടയോ ഉണ്ടായിരുന്നില്ല. പതിവായി അദ്ദേഹം ചെയ്തുകൊണ്ടിരുന്ന ജോലി ആരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. വലിയ കല്ലുകളുരുട്ടി മല മുകളിൽ കൊണ്ട് ചെല്ലും എന്നിട്ട് അവ താഴേക്കു തള്ളിയിടും കല്ലുകൾ അതിവേഗത്തിൽ താഴേക്ക് ഉരുണ്ടു പോകുന്നതും നോക്കി അദ്ദേഹം കൈകൊട്ടി ഉറക്കെയുറക്കെ ചിരിക്കും. ദിവസവും ഇതുതന്നെയായിരുന്നു ഇദ്ധേഹത്തിന്റെ വിനോദം. എന്നുമിതു കാണുന്നവർക്ക്, (അതായത് കാണികൾക്ക്) ഈ മനുഷ്യന് ഭ്രാന്താണ് എന്നല്ലേ ചിന്തിക്കാനായി കഴിയൂ! അതേസമയം, വലിയൊരു സാരോപദേശം ആ മനുഷ്യന്റെ ചിന്തയിലും, പ്രവൃത്തിലുമടങ്ങിയിരിക്കുന്നു. ഉന്നതങ്ങളിലെത്താൻ കഠിന പ്രയത്നം ആവശ്യമാണ്. പക്ഷെ, അതു നശിപ്പിക്കാൻ നിഷ്പ്രയാസം കഴിയും. ഉച്ച വരെ കല്ലുകൾ മല മുകളിലേക്കുരുട്ടികയറ്റുകയും പിന്നെ താഴേക്ക് തള്ളിയിടുകയും ചെയ്യുന്ന ജോലി കഴിഞ്ഞാൽ നാറാണത്തു ഭ്രാന്തൻ ഭിക്ഷ യാജിക്കാനിറങ്ങും. ഒരു ചെമ്പ് പാത്രവും കൈയ്യിൽ പിടിച്ചു കൊണ്ടാണ് ഭിക്ഷയ്ക്കിറങ്ങുന്നത്. പ്രധാനമായും അരിയാണ് ഭിക്ഷയായ് കിട്ടുന്നത്. വൈകുന്നേരം വരെ യാജിച്ചു കിട്ടുന്ന അരി ചെന്നെത്തുന്ന സ്ഥലത്ത് അടുപ്പ് കൂട്ടി സ്വയം പാകം ചെയ്ത് കഴിക്കുന്ന ശീലമായിരുന്നു അദ്ദേഹത്തിന്റേത്. സാധാരണ രാത്രിയിൽ മാത്രമേ ഭക്ഷണം ഉണ്ടാക്കാറുള്ളൂ. അത്താഴം കഴിഞ്ഞാൽ അവിടെത്തന്നെ കിടന്നുറങ്ങും നേരം വെളുത്താലുടൻ എഴുന്നേറ്റു പോകും ; കല്ലുരുട്ടാൻ !



# വരവേൽപ്

ഇന്നെന്റെ ദുഃഖങ്ങളത്രയും
മനസ്സിലൊളിപ്പിക്കാൻ ശ്രമിച്ചപ്പോഴും
കണ്ണ് അനുവദിക്കാത്തതുപോലെ......
ആരുടെയും മുൻപിൽ കണ്ണുനനയ്ക്കുന്നത്
ഇഷ്ടമല്ലാത്തതുകൊണ്ട് ഈറനായ കണ്ണുകളെ ശകാരിച്ചു
നിർത്തി. സങ്കടങ്ങളുടെ തീച്ചൂളയിൽ എരിയുന്നതിനാലാവാം
പതിവിലും ശോണിമ അത് മുമ്പത്തേതിലും
ഭംഗി വർധിപ്പിച്ചതുപോലെ. ചൂടകറ്റാനും സങ്കടങ്ങൾ
ബാക്കി വയ്ക്കാനും എത്തുന്നവരുടെ മുൻപിൽ എന്റെ
സങ്കടങ്ങൾ ഇല്ലാതായിരിക്കുന്നു. ഒക്കെയും ഏറ്റുവാങ്ങി
ഉള്ളുരുകി ഭാരം താങ്ങാനാവാതെ സാഗരത്തിന്റെ
ആഴങ്ങളിലേക്ക്......
ശുഭ പ്രതീക്ഷയുടെ ഉണർവേകി പൊൻ പുലരിയായ്
തിരികെ വരാമെന്ന ഉറപ്പോടെ.....

– ഗായത്രി വിനോദ്

# CLASSMATE





The one who made me laugh
I played with her
I studied with her
The person who taught me
My all things said to be her
Yes its the person, my mother.

My father made me happy
My great, my star is her
My chocolate boy, but grayed
Big bun, she is clever
My very best classmate is her

My nearest classmate
Big eyes, long hair smiley face
My lovely classmate.
She helps me in all things
The person who taught me
Yes the classmate, is my sister.

Dhaya Dileep

## 10 QUALITIES OF A GOOD FRIEND



1) They call you out when you're out of integrity
2) They honor and respect your boundaries
3) They celebrate your wins
4) They genuinely enjoy being with you
5) They show up for you when you're broken or struggling
6) They're trustworthy
7) They apologize when they mess up
8) They take the time to really get to know you
9) They inspire you to grow and be better
10) They offer you true intimacy

Friends are the gift of god. There are many people in our life. But only a few become our best friends. Here are few qualities of best friends everywhere.

By Nandana Pradeep

## Word Puzzle

| | | | | | | |
|---|---|---|---|---|---|---|
| A | S | C | R | E | E | N |
| R | P | L | W | Q | V | K |
| L | E | M | O | U | S | E |
| A | A | F | D | S | J | L |
| P | K | X | N | B | Z | G |
| T | E | B | I | Q | T | O |
| O | R | A | W | Y | H | O |
| P | B | G | A | M | E | G |





Gayathri Vinod

# Basic words in Japanese



Yes : Hai
No : iie
Place : Onegai Shemasu
Good Morning : Ohyao gozaimasu
Excuse me : Sumimasen
Sorry : Gomennasai
Good night : O-yasumi nasai
What is your name : O-namae wan an desu ka
My name is Judy : Watashi no namae we Judy desu
How are you : O-genki desu ka
I'm fine : Genki desu
Thank you : Arigato Gosaimaska

**Siji Thankachan**









There was a blind girl who hated herself just because she was blind. She hated except her boy friend. He was always there for her. One day her boy friend asked the girl if she would marry him. The girl explained that "If she could see the world, she would marry her boy friend".

One day someone donated a pair of eyes to her and then she could see everything including her boy friend. Now her boy friend asked her, "Now that you see the world, will you marry me?". The girl was shocked when she saw that her boy friend was blind too. She refused to him. Her boy friend walked away with tears and later wrote a letter to her saying "Just Take Care of My Eyes Dear".

This is how human brain changes when the state is changed. Only a few remember what life was before and who's always been there even in the most painful situation. "Life is a gift. Today before you think of saying an unkind word – think of some who can't speak. Before you complain about the taste of your mother's food – think of children who has nothing to eat.

Before you complain about your husband or wife – think of some who is crying out to God for a companion

Today before you complain about life – think of someone who went early to heaven.

Before you complain about your children – think of some one who desires children but they are barren.

When depressing thoughts seem to get you down – put a smile on your face and thank God you are alive and still around.

Life A Precious Gift – Live It, Enjoy it,

Celebrate It, And Fulfill It.

**Siji Thankachan**
Class 9-B



# കൃഷിയെ ഒരു ജീവിത സംസ്കാരമായി കാണാത്ത അവസ്ഥ

സംസ്കാരം എന്ന പദത്തിന് ഇംഗ്ലീഷിൽ കൾച്ചർ എന്നാണല്ലോ വാക്ക്. ഇത് അഗ്രി കൾച്ചറുമായി ബന്ധപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ മനുഷ്യൻ സമൂഹജീവിയായ് മാറിയതുതന്നെ കൃഷി

ആരംഭിച്ചതു മുതൽ ആണ്. പണ്ട് മനുഷ്യർ തങ്ങൾക്കു വേണ്ടത് കൃഷിചെയ്തുണ്ടാക്കാൻ തുടങ്ങിയപ്പോൾ ഒരു സ്ഥലത്ത് തമ്പടിച്ചു. അത് കൂട്ടത്തോടെ കഴിയുവാൻ പ്രേരിപ്പിച്ചു, വിളകൾ സംരക്ഷിക്കാൻ അതാണല്ലോ വേണ്ടത് അങ്ങനെയുണ്ടായ സമൂഹത്തിൽ ആചാരങ്ങളും വിശ്വാസങ്ങളുമുണ്ടായി. തനതു സംസ്കാരം രൂപം പൂണ്ടു. ആ വിശ്വാസങ്ങളും ആചാരങ്ങളുമെല്ലാം കൃഷിയുമായ് ബന്ധപ്പെട്ടവയും ആയിരുന്നു.

ഇതിൽ നിന്ന് ഭിന്നമാവില്ല കേരളത്തിന്റെയും സ്ഥിതി. നെൽ കൃഷിയായിരുന്നു മുഖ്യം. നമ്മുടെ ഭക്ഷണം പ്രധാനമായും നെല്ലരിയാണല്ലോ? അതുകൊണ്ടുതന്നെ പാടത്തിന്റെ കരയിൽ വീടുവച്ചു താമസിക്കുക എന്നതായിരുന്നു രീതി. വയലുകൾക്കായിരുന്നു പ്രാധാന്യം ഉണർന്നെഴുന്നേറ്റു നോക്കുന്ന കർഷകന് നേരെ കാണുന്നത് പാടമായിരിക്കണം. അതുപോലെ പാടത്ത് പണിക്കു പോകുവാൻ, പാടത്തെ സംരക്ഷിക്കുവാൻ ഒക്കെ ഇതാവശ്യമായിരുന്നു.

നമ്മുടെ ആഘോഷങ്ങൾ നോക്കിയാലും അവയെല്ലാം കൃഷിയുമായോ വിളവെടുപ്പുമായോ ബന്ധപ്പെട്ടിരിക്കുന്നു എന്ന് കാണാം. ഓണവും, വിഷുവുമെല്ലാം അങ്ങനെയാണല്ലോ. എന്നാൽ കാലത്തിന്റെ മാറ്റം ക്രമേണ ഈ സംസ്കാരത്തെയും ബാധിച്ചു. നെൽ കൃഷിക്കു പുറമെ കരകൃഷിയും ഇവിടെയുണ്ടായിരുന്നു. തെങ്ങായിരുന്നു പ്രധാനം ഒപ്പം മറ്റു വിളകളും. അങ്ങനെയിരിക്കെയാണ് റബ്ബർ, കാപ്പി, ഏലം, കുരുമുളക്, തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങൾ ചില പ്രത്യേക പ്രദേശത്തു മാത്രം ഒതുങ്ങി നിന്നപ്പോൾ റബ്ബർ കേരളത്തിലെയെല്ലായിടത്തും വ്യാപിച്ചു. പ്രധാനപ്പെട്ട ഒരു നാണ്യവിളയായി അതുമാറി. അതിൽ നിന്നുള്ള വരുമാനം മറ്റ് ഒരു കൃഷിക്കും ഇല്ല. എന്നായി. കരകൃഷികളിൽ പലതും റബ്ബറിനു വഴിമാറി. റബ്ബർ തോട്ടങ്ങൾ നാട്ടിലെല്ലായിടത്തും പരന്നു. കൃഷി ഒരു സംസ്കാരമെന്നതിലുപരി ലാഭമുണ്ടാക്കാനുള്ള ഒരു മാർഗ്ഗമായി കാണാൻ തുടങ്ങി. മണ്ണിനോടുള്ള സ്നേഹം പണത്തിനോടുള്ള സ്നേഹമായി മാറി എന്നു പറയാം.

പുതിയ നെൽ വിത്തുകളും രാസവളവും കീടനാശിനികളും ആധുനിക കൃഷി രീതികളുമൊക്കെ നെൽ കൃഷിയെ ലാഭകരമാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഹരിത വിപ്ലവം ഒരു വിജയം തന്നെയായിരുന്നു ആദ്യ കാലത്തെങ്കിലും. പക്ഷെ കൃഷി ചെലവ് വളരെ ഏറെ വർധിച്ചു. ഒപ്പം പാടത്തു പണിയെടുക്കുവാൻ ആവശ്യമായ തൊഴിലാളികൾ കുറഞ്ഞു വന്നു. മറ്റ് മേഖലകളെ അപേക്ഷിച്ച് അധ്വാനം കൂടുതലും വരുമാനം കുറവും എന്നതായിരിക്കാം കാരണം. കൂടാതെ തൊഴിലിനുവേണ്ടി വിദേശ രാജ്യങ്ങളിലേക്കുള്ള ഒഴുക്കും ആരംഭിച്ചു കഴിഞ്ഞിരുന്നു. വാഹന ഗതാഗതം വർധിച്ചു, അത് ഒരു പ്രധാന പരിഗണനയായി. പാടത്തിന്റെ കരയിലുണ്ടായിരുന്ന വീടുകൾ റോഡുവക്കിലായി തുടങ്ങി. പാടത്തു പണിക്ക് പോകുന്നതിൽ കൂടുതൽ ഫാക്ടറിയിൽ പണിക്ക് പോയിതുടങ്ങിയിരുന്നു. വ്യാവസായിക വിപ്ലവം വലിയ തോതിൽ ഇവിടെ നടന്നില്ലെങ്കിലും കുറെയൊക്കെ അത് നമ്മളെയും ബാധിച്ചു. പാടത്തുപണിയെടുക്കുന്നതിനെ

ക്കാൾ ഫാക്ടറിയിൽ പണിയെടുക്കുന്ന താണ് അന്തസ്സ് എന്നും വന്നുകൂടി. ചിലപ്പോ ഴെങ്കിലും വരുമാനത്തിന്റെ കാര്യത്തിൽ പോലും അതാണ് മെച്ചം എന്നുമായി.

നെൽ കൃഷി നടന്നിരുന്ന പാടങ്ങൾ തരി ശായിക്കിടക്കുന്ന കാര്യം കർഷകനെ സംബ ന്ധിച്ചിടത്തോളം അചിന്ത്യമായിരുന്നു.ഒരു കാലത്ത് പാടത്തെ ചെളിയുടെ ഗന്ധം കസ്തൂരിഗന്ധമായി കരുതിയ അവർക്ക് പുന്നെല്ലാം പുത്തിരിയുമൊക്കെ സമൃദ്ധിയുടെ മാത്രമല്ല വിശ്വാസത്തിന്റെയും ചിഹ്നങ്ങളായി രുന്നു. എന്നാൽ തരിശ്ശിടുക പിന്നീട് നിലം ഉറച്ച് ഉണങ്ങിക്കഴിയിമ്പോൾ നികത്തി കരകൃഷി ആരംഭിക്കുക. പതുക്കെ കരയാക്കി എടുക്കുക എന്നിട്ട് അവിടെ കെട്ടിടങ്ങൾ പടു ത്തുയർത്തുക എന്നതായി രീതി. ഒരു കാലത്ത് ഇത് തിരിച്ചായിരുന്നു. കുറച്ച് പ്രദേ ശമെങ്കിലും ചതുപ്പായിട്ടുണ്ടെങ്കിൽ അത് വലിയ കാര്യമായി കണക്കാക്കിയിരുന്നു. ഇതെല്ലാം ഇന്ന് മാറി കഴിഞ്ഞിരിക്കുന്നു.

ഇപ്പോൾ നാം ആലോചിക്കുന്നത് നിയമം മൂലം എങ്ങനെ ഇതൊക്കെ മാറ്റിയെടുക്കാം എന്നാണ്. ഒരു ജീവിത സംസ്കാരത്തെയും നിയമം മൂലം നിലനിർത്താനോ മാറ്റിയെടു ക്കാനോ എളുപ്പമല്ല അത് സ്വാഭികമായി ഉണ്ടാകുന്നതാണ്. അങ്ങനെ ഉണ്ടാകണമെ ങ്കിൽ വളരുന്ന തലമുറ അതുൾക്കൊള്ളണം അതി ന്റെ പ്രധാന്യം അറിയണം. നൂറ്റാണ്ടുകൾ കൊണ്ട് രൂപം പ്രാപിച്ച ഒരു സംസ്കൃതി നമുക്ക് എത്രമാത്രം പ്രിയമാകുന്നു എന്ന് വികാരപരമായി ചിന്തിച്ചാൽ പോര അതിന്റെ നാശം ജീവിതത്തെ എങ്ങനെ തകിടം മറിക്കും എന്ന് പ്രായോഗികമായ് തന്നെ അറിയണം ഇപ്പോൾ നാം അതിന്റെ ദുരന്തഫലങ്ങൾ അറിയുക യാണ്. ഇന്ന് കേരളത്തിന് ആവശ്യമായ ഭക്ഷ്യവ സ്തുക്കൾ കൂടുതലും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്. നാം എന്തു ഭക്ഷിക്കണം എത്ര ഭക്ഷിക്കണം എന്തു വില കൊടുത്തുവാങ്ങി കഴി ക്കണം എന്നൊന്നും ഇന്ന് തീരുമാനിക്കുന്നത് നാമ ല്ല. മറ്റു സംസ്ഥാനക്കാരാണ്. അവരുടെ തീരുമാന ങ്ങൾക്ക് വഴങ്ങാനെ നമുക്ക് കഴിയു.

ഈ അവസ്തയിൽ നിന്ന് രക്ഷപെടാൻ ഇപ്പോഴും വൈകിയിട്ടില്ല. ഇന്ത്യയിൽ ഉൽപാദിപ്പിക്കുന്ന സ്വാഭാവിക റബ്ബറിന്റെകൂടുതൽ എണ്ണവും കേര ളത്തിൽ നിന്നാണ്. കാപ്പി, ഏലം, കുരുമുളക് തുടങ്ങി യവയുടെ കാര്യവും എതാണ്ട് ഇതുപോലെ തന്നെ പക്ഷെ ഇവയൊന്നും നെല്ലിനു പകരമാവില്ല എന്നു തിരിച്ചറിയണം. നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുക അതാണ് നമ്മുടെ അന്നം. കൃഷിക്കാരന് സമൂഹ ത്തിൽ ഉയർന്ന സ്ഥാനം തന്നെ ലഭിക്കണം വ്യവസാ യങ്ങൾക്കു നൽകുന്ന ആനുകൂല്യങ്ങൾ കൃഷിക്കും നൽകണം.

**ശാലിൻ. സുനിൽ**





# മാലിന്യ സംസ്കരണം നമ്മുടെ കടമ

ആരോഗ്യ സംരക്ഷണത്തിന്റെയും സാക്ഷരതയുടെയും കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. എന്നാൽ മാലിന്യ സംസ്കരണത്തിലും പൊതു പരിസര ശുചീകരണത്തിലും മലയാളി തീരെ ശ്രദ്ധചെലുത്തുന്നില്ല. ഈയടുത്ത കാലത്ത് പല പകർച്ച വ്യാധികളും കേരളത്തിൽ തിരിച്ചു വരാൻ കാരണം ഇതാണ് വീടിനുള്ളിലെ ശുചിത്വത്തിലും നാം വിട്ടുവീഴ്ച ചെയ്യാറില്ല. എന്നാൽ വീട്ടിൽ നിന്ന് പരിസരത്തേക്കും മറ്റുള്ളവരുടെ പുരയിടങ്ങളിലേക്കും റോഡിലേക്കും പൊതു വഴിയിലേക്കും മാലിന്യം വലിച്ചെറിയാൻ നമുക്ക് ഒരു മടിയുമില്ല. വീടിനുള്ളിലെ അവശിഷ്ടങ്ങൾ പ്ലാസ്റ്റിക്ക് കവറിലാക്കി നിരത്തിലും പൊതു ജലാശയങ്ങളിലും വലിച്ചെറിയുന്നത് നിത്യ കാഴ്ചയാണ്. മാലിന്യങ്ങൾ അത് ഉണ്ടാക്കുന്ന ഉറവിടങ്ങളിൽ തന്നെ സംസ്കരിച്ചാലോ, ഈ മാലിന്യത്തെ സമ്പത്താക്കി മാറ്റാൻ കഴിയും.

കേരളാ ഗവൺമെന്റ് നടപ്പാക്കുന്ന ഹരിത കേരളം പദ്ധതിയിൽ ഉറവിട ജൈവ മാലിന്യ പദ്ധതികളിലൂടെയും ജൈവ പച്ചക്കറി കൃഷിയിലൂടെയുമുള്ള മാലിന്യ സംസ്കരണമാണ് ലക്ഷ്യമിടുന്നത്. വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും രൂപപ്പെടുന്ന ജൈവ മാലിന്യങ്ങൾ, പ്ലാസ്റ്റിക്ക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങളുമായ് കൂട്ടികലർത്താതെ തരംതിരിച്ച് അതതിടങ്ങളിൽ തന്നെ കമ്പോസ്റ്റോ, ബയോഗ്യാസോ ആക്കി മാറ്റാനുള്ള സാങ്കേതിക വിദ്യയും സാമ്പത്തിക സഹായവും ഈ പദ്ധതികളിലൂടെ ലഭിക്കും.

കുഴികമ്പോസ്റ്റ്, മോസ്പിറ്റ് കമ്പോസ്റ്റ്, മൺകല കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, തുടങ്ങി അവരവരുടെ സൗകര്യത്തിനനുസരിച്ചുള്ള മാലിന്യ നിർമാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കാനാണ് സഹായം ലഭിക്കുക.

ഓരോ വീട്ടിലും ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ കൃഷിവകുപ്പും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. വിഷരഹിത വിളവിനോടൊപ്പം വീടുകളിലും കൃഷിയിടങ്ങളിലും ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകൾ ഒരുക്കാൻ കൃഷി വകുപ്പ് സഹായം നൽകുന്നുണ്ട്. കൃഷി വകുപ്പിന്റെ സഹായത്തോടെ ഓരോ വീട്ടിലും ജൈവ മാലിന്യ സംസ്കരണ യൂണിറ്റും ജൈവ കൃഷി യൂണിറ്റും ഉണ്ടാക്കാം. ഇതുവഴി വീടിനൊപ്പം പരിസരവും ശുചിയായി സൂക്ഷിക്കാനും വിഷരഹിത പച്ചക്കറികൾ ഉദ്പാദിപ്പിക്കാനും കഴിയും.

**- മീനു. സന്തോഷ്**



# വർണ്ണത്തിന്റെ കണ്ണുനീർ തുള്ളി....

ഇരുളിൽ തണലിൽ നിന്നും
മായാ നൊമ്പരത്തിന്റെ ലോകം വെടിഞ്ഞ്,
നിറങ്ങളാൽ മൂടിയ ചിറകു പറത്തി
ആശകളുടെ പ്രകാശത്തിലേക്കു
ഉയരാൻ ഞാൻ....

വിരിഞ്ഞു വർണ്ണത്തിന്റെ കണ്ണീർത്തുള്ളിയായി
ഒരു ചിത്രശലഭമായി....
ദിനങ്ങൾ മാത്രമുള്ള എൻ ആയുസ്സ് വിട്ടു
യാത്രയാകും നേരത്തു...
സ്നേഹം പകരാൻ വിതുമ്പുന്ന എൻ

അധരങ്ങൾ താനേ മരവിച്ചു പോകുന്നു.
അവരുടെ നേത്രങ്ങളിലെ ക്രോധം കൊണ്ട്...
എൻ ചിറകുകൾ അരിഞ്ഞു വീഴ്ത്തി,
എന്നിലെ സൗന്ദര്യം ചോർന്നെടുത്ത്,
ജീവന്റെ സുഖങ്ങളെ എന്നെന്നേക്കുമായി

മറച്ചു വച്ചു അവർ...
വിതുമ്പുന്ന എൻ ഹൃദയത്തിൽ
കണ്ണീർതുള്ളി കാണാതെ
അവരുടെ സന്തോഷം മാത്രം ബാക്കിവെക്കാൻ
ചേരുന്ന സുഖവും, ദുഃഖവും, വസന്തവും

മരന്ദവും വർണ്ണശബളമായ....
ഈ ലോകത്തിൽ നിന്നു എന്നെന്നേക്കുമായി,
യാത്രയാക്കി അവർ എന്നെ...
വഴി തെറ്റി അലയുന്ന ഒരു ഏകാന്ത
ആത്മാവായി ഞാനീലോകത്ത്

ആരാലും കാണാതെ....
ആരാലും അറിയപ്പെടാതെ....
കാലത്തിന്റെ ഒരു....
വർണ്ണത്തിന്റെ കണ്ണീർത്തുള്ളിയായി....
ഇന്നും അലയുന്നു.



Nandana Pradee





# തെറ്റുപറ്റി

ഒരു വനത്തിൽ ഗോബോ എന്ന സീബ്ര മേഞ്ഞു നടക്കുകയായിരുന്നു. അപ്പോഴാണ് അവൻ ഒരു ശബ്ദം കേട്ടത്.

കഷ്ടം ..... എനിക്കു തെറ്റുപറ്റി.

ഗോടി എന്ന സിംഹമാണ് തലകുനിച്ചിരുന്ന് പറയുന്നത്. എത്ര മനോഹരമായ വരകളാണ് നിങ്ങൾക്ക്. അതോർക്കാതെ എത്ര സീബ്രകളെ ഞാൻ കൊന്നുതിന്നു. കുറ്റബോധം തോന്നുന്നു. ആ തെറ്റ് എങ്ങനെ തിരുത്തണം? പറഞ്ഞുതരാമോ സുന്ദരക്കുട്ടാ ? ഗോടി ഗോബോയോടു ചോദിച്ചു.

ഗോബോ അടുത്തു ചെന്നു. അപ്പോഴാണ് അവൻ ശ്രദ്ധിച്ചത്. ഗോടി കൊതിയോടെ തനിക്കു നേരേ ചാടി വീഴാൻ കാത്തിരിക്കുകയാണ്. ഗോബോ വേഗം തിരിഞ്ഞോടി. ഓട്ടത്തിനിടെ ഗോബോ പറഞ്ഞു എനിക്കും ഒരു തെറ്റു പറ്റി. നന്മ നടിച്ച് എന്നെ പുകഴ്ത്തുന്നതുകേട്ട് ഞാൻ ഒരു നിമിഷം എല്ലാം മറന്നില്ലേ ?. പുകഴ്ത്തലുകളിൽ വീഴരുതെന്ന് ഞാൻ ഓർത്തില്ല. ആ തെറ്റു തിരുത്താനാ ഓടുന്നത്.

Sruthi Sunil



# ലഹരിയുടെ ഉപയോഗം കുട്ടികളിൽ

ഇന്ന് നമ്മുടെ സമൂഹം നേരിടുന്ന ഏറ്റവും വലിയൊരു പ്രതിസന്ധിയാണ് കുട്ടികളിലെ ലഹരിയുടെ ഉപയോഗം. കുട്ടികൾ ലഹരി ഉപയോഗിക്കുന്നതിന് ഒരു പ്രധാന കാരണം പാൻമ സാല പോലെയുള്ള ലഹരിയുൽപ്പന്നങ്ങൾ സ്കൂൾ പരിസരങ്ങളിൽ ലഭിക്കുന്നതാണ്. സിനി മകളിലെ ലഹരിയുടെ ഉപയോഗം കൊണ്ടാണ് കുട്ടികൾ അനുകരിക്കാൻ തുടങ്ങുന്നത്. നമ്മുടെ ബാല്യങ്ങൾ ലഹരിയിൽ അമരുകയാണ്.

കുട്ടികളിൽ ലഹരിയോടുള്ള ആസക്തി വർദ്ധിക്കാൻ പ്രധാനമായിട്ടുള്ളത് രണ്ട് കാരണ മാണ്. ലഹരിയുടെ ലഭ്യതയും പിന്നെ മനശാസ്ത്രപരമായ കാര്യങ്ങളും. മറ്റുകുട്ടികളുടെ മുമ്പിൽ ഹീറോ ആകാൻ വേണ്ടിയും കുട്ടികൾ ലഹരി ഉപയോഗിക്കുന്നു. വീട്ടിലെ പ്രശ്ന ങ്ങളും കുട്ടികളെ ലഹരിയുടെ അടിമകളാക്കുന്നു. ന്യൂ ജനറേഷൻ ലഹരിയുടെ കുതിപ്പിനു കാരണം അതിന്റെ ആകർഷകമായ ഘടകങ്ങളാണ്. പലതരം മിഠായികളായും പാനീയങ്ങ ളായും ലഹരിവസ്തുക്കൽ പഭിക്കുന്നുണ്ട്. ബാല്യചാപല്യങ്ങളെ മുതലെടുത്ത് വിദ്യാർത്ഥി കളെ വഴിതെറ്റിക്കാൻ ഒരു വലിയ മാഫിയ ഇതിനു പിന്നിൽ പ്രവർത്തിക്കുന്നുണ്ട്. ശക്തികൂ ടിയ പശയായി ഉപയോഗിക്കുന്ന ഫെവിക്യുക്കും ഷൂ പോളീഷും ലഹരി നുകരാനുള്ള പുതിയ വഴികളായി കുട്ടികൾ ഉപയോഗിക്കുന്നു. നേരംപോക്കിനായി ഒരുവട്ടം ഇതിൽ ഉൾപ്പെടുന്ന വർ പിന്നീട് ഇതിന് അടിമകളായി തീരുന്നു.

ലഹരിക്കെതിരെ എക്സൈസ്, പോലീസ്, വിവിധ സംഘടനകൾ എന്നിവരുടെ നേതൃ ത്വത്തിൽ ബോധവൽക്കരണം നടത്തിവരുന്നു. ഇതിനൊപ്പം മാതാപിതാക്കളും അദ്ധ്യാപ കരും കുട്ടികളെ ബോധവൽക്കരണം ചെയ്യണം. ലഹരി വിൽപ്പനക്കാർക്ക് കടുത്ത ശിക്ഷ നൽകുക, നിയമങ്ങൾ കർശനമായി നടപ്പിലാക്കുക എന്നിവ ചെയ്താൽ മാത്രമേ പുതിയ തലമുറയെ രക്ഷിക്കാനാകു. കേരള സർക്കാരിന്റെ വിമുക്തി എന്ന പദ്ധതി സ്കൂൾ കുട്ടിക ളിലെ ലഹരി ഉപയോഗം തടയുന്നതിന് സഹായിക്കുന്നു.

**അഭിഷേക് സതീഷ്**






I was alone at that night
Sleeping in a chair
Ghrr! A sound behind me
Cracking the silence of dark

That museum changed to reality
Each creature brought to life
Thought as dream, but was true
Changed my life forever

Ancient events began their play
Monkeys, Dinos, Hippos
And even dodo at the dais
Screaming to and fro, dazed

Time went on, things changed
Wild of them made friends for me
But again and again, yes,
There was something to trouble me.

Dhaya Dileep
STD : VI –B

# *“Life” is What ?*

Life is a challenge – Face it
Life is a question – Answer it
Life is a flower – Don’t pluck it
Life is a road – Don’t block it
Life is a jock – Laugh at it
Life is a journey – Go for it
Life is a gamble – Don’t miss it
Life is a treasure – Hunt for it
Life is an ice cream – Enjoy it (before it melts)
Life is a puzzle – Solve it
Life is a bird – Don’t cage it
Life is a book – Read it
Life is a game – Play it
Life is a play – Act it
“Life is nothing – but more than something”



***Ananya Anil***
6-B



# മലയാളിയും മാറുന്ന സംസ്കാരവും

ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിൽ ഒന്നാണ് നമ്മുടെ കൊച്ചു കേരളം. മഹത്തായ പാരമ്പര്യവും, സംസ്കാരവും കേരളീയരിൽ വേണ്ടുവോളം ഉണ്ട്. വിദേശികൾ പോലും ഇഷ്ടപ്പെടുന്നത് മലയാളികളേയും അവരുടെ ശീലങ്ങളേയുമാണ്. മലയാളികളുടെ പാരമ്പര്യവും സംസ്കാരവും എല്ലാം തന്നെ മറ്റുള്ളവരിൽ നിന്ന് വളരെയധികം വ്യത്യസ്തനാക്കുന്നു. ഇന്ന് മലയാളികൾ ഒരുപാട് മാറിയിരിക്കുന്നു. അവർ മഹത്തായ പാരമ്പര്യവും, സംസ്കാരവും മറന്ന് വിദേശവൽക്കരണം ആഗ്രഹിക്കുന്നു. അതിനായി എന്തും ചെയ്യും എന്നുള്ള രീതി തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

പ്രകൃതിയുമായി ഇണങ്ങി ജീവിച്ചവരാണ് മലയാളികൾ. നെല്ലും, വയലും, പുഴയും എല്ലാം അവരുടെ ജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. പെരുമാറ്റത്തിലും ചിന്തയിലും സംസാരത്തിലും മലയാളത്തനിമ നിറഞ്ഞു നിന്നിരുന്നു. ഇതൊക്കയായിരുന്നു ലോകത്ത് എവിടെയായാലും മലയാളിയെ മലയാളി ആക്കിയിരുന്നത്. എന്നാൽ ഇന്ന് വിദേശ സംസ്കാരത്തിന്റെ പിറകെ നെട്ടോട്ടം ഓടുകയാണ് മലയാളി. കുറഞ്ഞ കാലയളവ് കൊണ്ട് മലയാളി ആകെ മാറിയിരിക്കുകയാണ്. ജോലി കഴിഞ്ഞ് വീട്ടിലെത്തിയാൽ സ്വന്തം കുടുംബത്തോട് പോലും സംസാരിക്കാൻ മലയാളിക്ക് ഇന്ന് നേരം കിട്ടുന്നില്ല. സോഷ്യൽ മീഡിയയിൽ എല്ലാം സജീവമായിരിക്കെ അയൽവാസി ആരാണെന്നുപോലും അറിയാത്ത ഒരു അവസ്ഥയാണ് ഇന്ന് കേരളത്തിൽ. എന്തിനും ഏതിനും നമ്മൾ വിദേശികളെ പിന്തുടരുന്നു. എന്നാൽ വിദേശികൾ നമ്മുടെ മഹത്തായ പാരമ്പര്യവും കലയും ഇവിടെ വന്നു പഠിക്കുന്നു.

മലയാളികളുടെ മാറിയ ജീവിത ശൈലിയിൽ, ഒരു പ്രധാന മാറ്റം തന്നെയാണ് ഭക്ഷണ ശീലത്തിൽ ഉള്ളത്. ഫാസ്റ്റ് ഫുഡിനെ സ്നേഹിക്കുന്നവരായി മാറിയിരിക്കുകയാണ് മലയാളികൾ. ഒരു കാലത്ത് കപ്പയേയും ചക്കയേയും സ്നേഹിച്ചിരുന്നവർ ന്യൂഡിൽസിലേക്കും ഫ്രൈഡ് റൈസിലേക്കും മാറിയിരിക്കുന്നു. ഫാസ്റ്റ് ഫുഡ് അമിതമായി കഴിക്കുന്നത് കൊളസ്ട്രോൾ, പ്രമേഹം, പൊണ്ണത്തടി പോലുള്ള അസുഖങ്ങൾ ഉണ്ടാക്കും. വേഗത്തിൽ ഉണ്ടാക്കാൻ സാധിക്കുന്ന ആഹാരങ്ങളോടാണ് മലയാളിക്ക് പ്രിയം പക്ഷെ അവയിൽ മാരകമായ വിഷം ഉണ്ടെന്നറിഞ്ഞിട്ടും മലയാളികൾ ഇവ ഭക്ഷിക്കുന്നു. എന്നാൽ പണ്ടുള്ളവർ സ്വന്തമായി വിളയിച്ചെടുത്തവയായിരുന്നു കൂടുതലും കഴിച്ചിരുന്നത്. അതുകൊണ്ട് അവർക്ക് രോഗങ്ങളും കുറവായിരുന്നു.

മലയാളികൾ ഇല്ലാത്ത വിദേശ രാജ്യങ്ങൾ ഇന്ന് ഇല്ല. ഗൾഫ് രാജ്യങ്ങൾ ഇപ്പോൾ മലയാലികളുടേതാണ് എന്ന് പറയാം. അവർ അവിടുത്തെ ശീലങ്ങൾക്ക് അനുസരിച്ച് മാറിയിരിക്കുകയാണ്. ആവശ്യത്തിലധികം പണം നേടാനാണ് മലയാളി വിദേശത്തേക്ക് കടക്കുന്നത്. അത്യാർത്തിയുടെ പര്യായമായി മാറിയിരിക്കുകയാണ് ഇന്ന് മലയാളി.

മലയാളികളുടെ തനത് വസ്ത്രധാരണ രീതിയായ മുണ്ടും ഷർട്ടും എന്നതിൽ നിന്ന് മോഡേൺ വസ്ത്രധാരണത്തിലേക്ക് മലയാളി മാറിക്കഴിഞ്ഞു. കുട്ടികൾക്ക് പോലും ഇന്ന് മോഡേൺ ഡ്രസ്സുകളോടാണ് താൽപര്യം. കാലത്തിനൊത്ത് മാറുകയാണ് ഇന്ന് മലയാളികൾ. കാലം മാറുന്നതനുസരിച്ച് കോലവും മാറണം എന്നല്ലെ പഴമൊഴി.

Devangana. R


കേരള സ്കൂൾ


DYFI
NO SMOKING AREA




LITTLE KITES














എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്
ചെന്നീർക്കര
PH: 8848198778, 9495113906
തുടർച്ചയായ 4 വർഷവും ദേശീയതലത്തിലേയ്ക്ക്.....
60000 രൂപ വീതം സ്കോളർഷിപ്പ്
നേടിയ ഞങ്ങളുടെ ചുണക്കുട്ടികൾ
അഖിൽ ഹരി
ജസ്റ്റിൻ പി.ജെ
യതിൻ
ഷിനോ ജോൺ
നന്ദു രാജേഷ്
അശ്വനി എസ്
സാന്ദ്ര ബാബു
ശാലിൻ സുനിൽ
അഭിരാമി ബെന്നി
നിവേദ്യ
മനീഷ
കാവ്യ എസ്.നായർ
സിജി തങ്കച്ചൻ
SSLC
FULL A+
9 A+
ആശംസകളോടെ
അദ്ധ്യാപകർ, പി.റ്റി.എ.
& മാനേജ്മെന്റ്


2020


2019-12-11 12



















# ലിറ്റിൽ കൈറ്റ്സ് റിപ്പോർട്ട്

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നു കിട്ടുന്നു എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവിന്റെ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അദ്ധ്യാപകന്റേയും വിദ്യാർത്ഥിയുടേയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രകൃതവുമായ ഒരു വിദ്യാഭ്യാസ പ്രക്രിയ രൂപപ്പെട്ടു വനിനിടിടുണ്ട്. വിവര വിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കു വഹിക്കാനാകു എന്ന ബോധ്യത്തിൽ നിന്നാണ് പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കുവാൻ നാം നിരന്തരം ശ്രമിക്കുന്നത്. ഇതിന്റെ തുടർച്ചയായാണ് സാങ്കേതിക വിദ്യയോടുള്ള പുതു തലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ലിറ്റൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പാക്കിയിരിക്കുന്നത്.

സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ലിറ്റിൽ കൈറ്റ്സിന്റെ ഒരു യൂണിറ്റാ ചെന്നീർക്കര എസ്.എൻ.ഡി.പി.എച്ച്.എസ്സ്.എസ്സ്-ൽ 20-06-2018 മുതൽ പ്രവർത്തനം ആരംഭിച്ചു. സ്കൂൾതല ലിറ്റിൽ കൈറ്റ്സിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ് എസ്. ഷീബ ടീച്ചർ നിർവഹിക്കുകയും നിശ്ചിത യോഗത്തിൽ സ്കൂൾ മാനേജർ, പി.റ്റി.എ പ്രസിഡന്റ്, മദർ പി.റ്റി.എ മെംബേഴ്സ്, രക്ഷകർത്താക്കൾ എന്നിവർ പങ്കെടുത്തു. തുടർന്ന് കൈറ്റ് മിസ്ട്രസ്സുമാരായ അഞ്ജു ടീച്ചറും, കല ടീച്ചറും (തുടർന്ന്) ലിറ്റിൽ കൈറ്റ്സിനെ കുറിച്ച് വിശദമായി ക്ലാസെടുക്കുകയും ചെയ്തു.

തുടർന്നു വന്ന എല്ലാ ബുധനാഴ്ചകളിലും, ശനിയാഴ്ചകളിലും ഗ്രാഫിക്സ്, ആനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിങ്, പൈത്തൺ പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്സ് ഹാർഡ്വെയർ, മലയാളം കംപ്യൂട്ടിംഗ്, ഇന്റർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളാണ് ലിറ്റിൽ കൈറ്റ്സ് ഞങ്ങളെ പരിചയപ്പെടുത്തിയത്

വിവര വിനിമയ സാങ്കേതിക വിദ്യയുടെ ആരും തുറക്കാത്ത ജാലകം ലിറ്റിൽ കൈറ്റ്സിലൂടെ ഞങ്ങളിലേക്കെത്തി. തുടർന്നു നടന്ന ഓരോ പ്രവർത്തനങ്ങളിലും പൂർണ്ണ മനസ്സോടെ കൊച്ചു കൂട്ടുകാർ പങ്കെടുത്തു. അന്വേഷണാത്മകവും സർഗാത്മകവുമായിരുന്ന ഓരോ ക്ലാസ്സുകളും മികവുറ്റതാക്കാൻ ഓരോ അദ്ധ്യാപകരോടൊപ്പം ഞങ്ങളും പ്രതിജ്ഞാബദ്ധരായിരുന്നു. സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടിത്താൻ ഈ പദ്ധതിയിലൂടെ നമുക്ക് സാധിച്ചു എന്ന് അഭിമാനത്തോടുകൂടി പറയാം.

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ സംസ്ഥാന സർക്കാർ നൽകിയ പ്രഥമ അവാർഡ് കരസ്ഥമാക്കിയത് നമ്മുടെ സ്കൂളിന് അഭിമാനാർഹമായ നേട്ടമാണ്. അമ്പതിനായിരം രൂപയുടെ ക്യാഷ് അവാർഡും പ്രശസ്തി പത്രവും തിരുവനന്തപുരം ടാഗോർ തിയറ്ററിൽ നടന്ന വർണ്ണാഭമായ ചടങ്ങിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. സി. രവീന്ദ്രനാഥ് അവർകളിൽ നിന്നും കുട്ടികൾ ഏറ്റുവാങ്ങി. യൂണിറ്റിന്റെ നാതൃത്വത്തിൽ നടന്ന വിവിധ പ്രവർത്തനങ്ങളൊക്കെയും വിക്ടേർസ് ചാനൽ, സ്കൂൾ യൂട്യൂബ് ചാനൽ, സാമൂഹിക മാധ്യമങ്ങൾ, പത്രങ്ങൾ എന്നിവയിൽ സംപ്രേഷണം ചെയ്തു.

## IT സാക്ഷരതാ ഗ്രാമം പദ്ധതി മൂന്നാം വർഷത്തിലേക്ക്

നൂറ്റാണ്ടിൽ സാക്ഷരതയെ പുതിയതായ് നിർവചിക്കുമ്പോൾ കമ്പ്യൂട്ടർ സാക്ഷരതയും ഉൾപ്പെട്ടേക്കാം. പുതിയ സാങ്കേതിക വിദ്യകൾ സൃഷ്ടിക്കുന്ന ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ


ചെന്നീർക്കരയുടെ കംപ്യൂട്ടർ സാക്ഷരത

ദേശാഭിമാനി Sat, 01 February 2020

കഴിയാത്ത ആളുകൾ ഒരർത്ഥത്തിൽ നിരക്ഷരരായി തുടരും. കമ്പ്യൂട്ടർ സാക്ഷരത നേടുക എന്നത് ഇക്കാലത്ത് ജീവിക്കുന്ന ഏതൊരാൾക്കും അനിവാര്യമായ കാര്യമാണ്. പലപ്പോഴും പഠിക്കാനുള്ള അവസരം ലഭിക്കാത്തത് കൂടുതൽ ആളുകളെ സാങ്കേതിക വിദ്യയിൽ നിന്നകറ്റി നിർത്തുന്നു. ഇതിനു പരിഹാരമായി നമ്മുടെ കുട്ടികൾ കണ്ടെത്തിയ സമ്പൂർണ്ണാ IT സാക്ഷരതാ ഗ്രാമം പദ്ധതിയാണ് എന്നുള്ളത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യയിൽ താത്പര്യം ഉള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി നമ്മുടെ സ്കൂളിൽ രൂപീകരിച്ച LITTLE KITES CLUB ന്റെ നേതൃത്വത്തിലാണ് സമ്പൂർണ്ണാ സാക്ഷരതാ ഗ്രാമം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നത്. മൂന്നു വിഭാഗത്തിലുള്ള പരിശീലനമാണ് കഴിഞ്ഞ ഒരു വർഷമായി നമ്മുടെ വിദ്യാലയം നടത്തുന്നത് മുതിർന്നവർക്കും രക്ഷിതാക്കാൾക്കും കുഞ്ഞനിയൻമാർക്കും അനിയത്തിമാർക്കും സ്ക്കുളിൽ വച്ച് കുട്ടികൾ നേതൃത്വം നൽകി ക്ലാസുകൾ നടത്തുന്നു. സ്ക്കുളിൽ വരാൻ പ്രയാസമുള്ള പ്രായം ചെന്നവർക്കുള്ള ക്ലാസ് വീട്ടിൽ ചെന്നാണു നടത്തുന്നത്. മൂന്നാം വിഭാഗത്തിലുള്ള പരിതാക്കളിൽനിന്നുള്ള പ്രതികരണമാണ് ആവേശം എന്നാണ് കൂട്ടുകാർ അഭിപ്രായപ്പെട്ടുത്തുന്നതിന്, ശനി ഞായർ ദിവസങ്ങളും സാധ്യമായ ദിവസങ്ങളിൽ 4 മണിക്ക് ശേഷവും സമയം കണ്ടെത്തിയാണ് ഈ ജനകീയ മുന്നേറ്റത്ത നമ്മുടെ വിദയാർത്ഥികൾ നയിച്ചത്. രക്ഷകർത്താക്കളേയും അധ്യാപകരുടെയും, PTA യുടേയും മേൽനോട്ടം ഉണ്ടായി. അടിസ്ഥാന പരമായി ഏതൊരാളും മനസ്സിലാക്കേണ്ട കമ്പ്യൂട്ടറിഥിഷ്മായ കാര്യങ്ങൾ പരിചയപ്പെടുത്തുന്നതിനായി വിദ്യാലയം SYLLABUS രൂപികരിച്ചു INTERNET തിരയൽ, BANKING , ONLINE SHOPPING, ബില്ലുകൾ അടയ്ക്കേണ്ടത് എങ്ങനെയെന്നുമുള്ളതെല്ലാം പാഠ്യപദ്ധതിയുടെ ഭാഗമായി.

**Ubuntu Fest :** IT സാക്ഷരതാ പദ്ധതിയുടെ ഭാഗമായി ഭവന സന്ദർശനം നടത്തി Ubuntu എന്ന സ്വതന്ത്ര Software പരിചയപ്പെടുത്തൽ നടത്തി. തുടർന്ന് ആവശ്യമുള്ളവർക്ക് കമ്പ്യൂട്ടറുകളിൽ ഇൻസ്റ്റാൾ ചെയ്ത് കൊടുത്തു.

**ഇതൾ സ്ക്കൂൾ മാഗസിൻ:** സ്ക്കൂൾ മാഗസീന്റെ പരിജ്ഞാനം വളർന്നു വരുന്ന എഴുത്തുകാരുടെ ശക്തി പരിഭോക്ഷിപ്പിക്കുന്നു. അക്ഷരങ്ങൾ അടിച്ചു കൂട്ടിയ പുസ്തകങ്ങൾ എന്നതിലുപരി ഒരദ്ധ്യയന വർഷത്തിലെ ഓർമ്മകളടങ്ങിയ ഈ മാഗസിന്റെ ജീവൻ. ഒരു കാലഘട്ടത്തിന്റെ പൊളിച്ചെഴുത്തുകൾ നടക്കുന്നത് വിദ്യാലയത്തിലൂടെയാണ്. സാമൂഹികാനാചാരങ്ങളിൽ നിന്നും ചിതലരിച്ച ചിന്തകളിൽ നിന്നും ഒരു പുത്തൻ പ്രതീക്ഷയിലേക്കുള്ള വെളിച്ചം വിദ്യാലയത്തിൽ നിന്നുമാണ് ലഭിക്കേണ്ടത്. അറിവും, അക്ഷരവും, സന്തോഷവും സൗഹൃദവും നിറഞ്ഞ വിദ്യാലയ ജീവിതത്തെ അനശ്വരമാക്കുന്ന സുന്ദരനിമിഷങ്ങളുടെ ഓർമകളാണ് അക്ഷരങ്ങളായ് ഇതൾ എന്ന മാഗസിനിലൂടെ പുനർജനിച്ചത്.




## പ്ലാസ്റ്റിക്ക് ഫ്രീ ചെന്നീർക്കര


പ്ലാസ്റ്റിക്കിനോട് പിണങ്ങി കുട്ടികൾ

സംസ്ഥാന സർക്കാർ പ്ലാസ്റ്റിക്ക് നിരോധനവുമായി മുന്നോട്ട് പോകുമ്പോൾ പ്ലാസ്റ്റിക്കിനോട് പിണങ്ങി തുണി സഞ്ചികൾ നിർമ്മിച്ച് നൽകി മാതൃകയായി നമ്മുടെ കൂട്ടുകാർ. ലിറ്റിൽ കൈറ്റ്സ് യൂണിയന്റെ നേതൃത്വത്തിൽ നിർമ്മിച്ച തുണി സഞ്ചികൾ സ്ക്കൂളിലെ കുട്ടികൾക്കും സമീപ പ്രദേശത്തിലെ കടകളിലും അധ്യാപകർക്കും അനധ്യാപകർക്കും കുട്ടികൾ സൗജന്യമായി നൽകി പ്ലാസ്റ്റിക്ക് ഉപയോഗത്തിന്റെ മോശം വശങ്ങൾ വിവരിച്ച് ബോധവൽക്കരണ ക്ലാസുകൾ എടുത്തുനൽകിയതിനു ശേഷമാണ് തുണി സഞ്ചികൾ നിർമ്മിച്ച് നൽകിയത്. പ്ലാസ്റ്റിക്കിനോട് പിണങ്ങാം എന്ന പരസ്യ ചിത്രവും യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരുക്കി, ക്രിസ്തുമസ് അവധിക്കാലത്ത് നിർമ്മിച്ച സഞ്ചികൾ പുതുവത്സര ദിനത്തിൽ സ്ക്കൂൾ ഹെഡ്മിസ്ട്രസ്സ് ശ്രീമതി .എസ്. ഷീബ ടീച്ചറിന് നൽകി.

## വായനമൂല @ വെയ്റ്റിംഗ് ഷെഡ്

പൊതുജനങ്ങളിലെ വായനാശീലം വളർത്തുക എന്ന ലക്ഷ്യത്തോടു കൂടി ബസ് സഞ്ചാരം പൊതുവെ കുറവുള്ള ചെന്നീർക്കര പ്രദേശത്ത് വെയിറ്റിംഗ് ഷെഡുകളിൽ വായനാ മൂല സ്ഥാപിച്ച് മാതൃകയായി നമ്മുടെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നവമാധ്യമങ്ങളുടെ യുഗത്തിൽ വായനയെ പ്രോത്സാഹിപ്പിക്കുക എന്ന ആശയത്തിന് പൂർണ്ണ പിന്തുണയുമായ് അധ്യാപകരും, പി.റ്റി.എ. അംഗങ്ങളും ഉണ്ടായിരുന്നു. കുട്ടികൾക്കും മുതിർന്നവർക്കുമുള്ള പുസ്തകങ്ങൾ, ദിന പത്രങ്ങൾ, ആനുകാലികങ്ങൾ തുടങ്ങിയവ കുട്ടികൾ തന്നെ ശേഖരിച്ച് വായനാ മൂലയിൽ എത്തിക്കുന്നു.

### വെയിറ്റിംഗ് ഷെഡിൽ വായനമൂല ഒരുക്കി വിദ്യാർത്ഥികൾ

ചെന്നീർക്കര: ഇനി ബസ്സ്ഇത്തിരിവൈകിയാലും കഴപ്പമില്ല. കുറച്ച്കൂടി നേരത്തെബസിനുപോകാൻ ഇറങ്ങിയാൽ അതും പ്രശ്നമല്ല.

പൊതുജനങ്ങളിലെ വായനാശീലംവളർത്തുകഎന്നലക്ഷ്യത്തോടെ ബസ്സഞ്ചാരംപൊതുവേ കുറവുള്ള ചെന്നീർക്കര പ്രദേശത്തെ വെയിറ്റിംഗ് ഷെഡുകളിൽ വായനാമൂല സ്ഥാപിച്ച് ചെന്നീർക്കര എസ്.എൻ.ഡി.പി ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾമാതൃകയാകുന്നത്. ചെന്നീർക്കര, ചക്കിട്ട, ആലുംകുറ്റി, ജംഗ്ഷനുകളിലുള്ള വെയിറ്റിംഗ് ഷെഡിലാണ് ആദ്യ വായനാമൂല ഒരുക്കിയിരിക്കുന്നത്. കുട്ടികൾക്കും മുതിർന്നവർക്കുമുള്ളപുസ്തകങ്ങൾ, ദിനപത്രങ്ങൾ, ആനുകാലികങ്ങൾ തുടങ്ങിയവ വിദ്യാർത്ഥികൾ തന്നെ ശേഖരിച്ച്വായനാമൂലയിൽഎത്തിക്കും.

സ്കൂളിലെ ലിറ്റിൽ കൈറ്റ്സ്അംഗങ്ങളും അദ്ധ്യാപകരുമാണ് ഈ നവീനആശയത്തിന്പിന്നിൽ. നവമാധ്യമങ്ങളുടെ യുഗത്തിൽ വായനയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ്ഇത്തരമൊരു സംരംഭം തുടങ്ങിയതെന്ന്വിദ്യാർത്ഥികൾ പറയുന്നു. ഭാവിയിൽകൂടുതൽവായനമൂലകൾആരംഭിക്കുവാനുംപദ്ധതിയുണ്ട്. പ്രവർത്തനങ്ങൾക്ക്കൈറ്റ് മിസ്ട്രസ്അഞ്ജുപ്രസാദ്നേതൃത്വം നൽകി.




വെയിറ്റിംഗ് ഷെഡിൽ വായനമൂല ഒരുക്കി ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ

## സ്മാർട്ട് 'അമ്മമാർ' ഓഫ് ചെന്നിർക്കര

### അമ്മമാരും സ്മാർട്ടായേ...

പത്തനംതിട്ട

സ്കൂളുകൾ സ്മാർട്ടായപ്പോൾ അമ്മമാർ മാറിനിക്കാമോ? കുട്ടികൾ പഠിക്കുന്ന രീതികളൊക്കെ അമ്മമാരും അറിയണമല്ലോ. അതിനായി ചെന്നീർക്കര എസ്എൻഡിപി ഹയർസെക്കൻഡറി സ്കൂളിൽ 'മൈ സ്മാർട്ട് മോം' പരിപാടിക്ക് തുടക്കമായി. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ രൂപീകരിച്ച ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ നേതൃത്വത്തിലാണ് അമ്മമാരെയും സ്മാർട്ട് ആക്കുന്നത്. പലതരം ജീവിതസാഹചര്യങ്ങളിൽ നിന്നാണ് ഓരോ കുട്ടിയും സ്കൂളിലെത്തുന്നത്. കുട്ടികളെ നന്നായി അറിയുക അവരുടെ അമ്മമാർക്കായിരിക്കും. അവരെ കുട്ടി പഠിക്കുന്ന സ്കൂളിൽ പുതിയതായി ചേർത്ത സാങ്കേതിക സജ്ജീകരണങ്ങളെ കുറിച്ചും പാഠപുസ്തകങ്ങളിലും പഠനരീതിയിലും വന്നിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചും ബോധവൽക്കരിക്കാനാണ് പരിപാടി. ക്യൂആർ കോഡ് സ്കാനിങ്, സമഗ്ര ലേണിങ് പോർട്ടൽ, സമേതം പോർട്ടൽ, വിക്ടേഴ്സ് ചാനൽ, പഠനത്തിൽ സ്മാർട്ട്ഫോണുകളുടെ സാധ്യത ഇവയെപ്പറ്റി കൈറ്റ് മിസ്ട്രസ്സായ അഞ്ജു പ്രസാദ് ക്ലാസെടുത്തു. പിടിഎ പ്രസിഡന്റ് മാത്യു ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് എസ് ഷീബ, പ്രിൻസിപ്പാൾ പി ഉഷ, വി എ ഉല്ലാസ്, ഷീജറാണി, പ്രതിഭ ഗോപിനാഥ്, ജിനു ഉല്ലാസ് എന്നിവർ സംസാരിച്ചു.

കുട്ടികൾ പഠിക്കുന്ന രീതികളൊക്കെ അമ്മമാരും അറിയണമല്ലോ. അതിനായി നമ്മുടെ സ്ക്കൂളിലെ ലിറ്റില കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് **'My Smart Mom'**പലതരം സാഹചര്യങ്ങളിൽ നിന്നുമാണ് ഓരോ കുട്ടിയും സ്ക്കൂളിൽ എത്തുന്നത് കുട്ടികളെ നന്നായ് അറിയുക അവരുടെ അമ്മമാരായിരിക്കും പാഠപുസ്തകങ്ങളിൽ പുതുതായ് ചേർത്ത സാങ്കേതിക സജ്ജീകരണങ്ങളും. സ്ക്കൂളുകളിൽ ഹൈടെക്ക് ക്ലാസ് റൂമുകളിലെ പരിജ്ഞാനവും. പാഠപുസ്തകങ്ങളിലും പഠനരീതികളിലും വന്നിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയാണ് നടപ്പിലാക്കിയത് , ക്യൂ.ആർ. കോഡ് സ്ക്കാനിംഗ്, സമഗ്ര ലേണിംഗ് പോർട്ടൽ, വിക്ടേഴ്സ് ചാനൽ പഠനത്തിൽ സ്മാർട്ട് ഫോണുകളുടെ സാധ്യതകൾ , ഇവയെല്ലാം പറ്റി കൂട്ടുകാർ ക്ലാസ്സെടുത്തു.

## One Day @ Akshaya:

യൂണിറ്റിന്റെ നേതൃത്വത്തിൽ ചെന്നീർക്കര അക്ഷയാ കേന്ദ്രത്തിലെ ഒരു ദിവസത്തെ പ്രവർത്തനം ഏറ്റെടുത്ത് നടത്തി കുട്ടികൾക്ക് പുതിയ ഒരു അനുഭവമായിരുന്നു.

## ഭിന്ന ശേഷിക്കാർക്കുളള പ്രത്യേക ക്ലാസുകൾ

ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തുകയും അവർക്കായുള്ള പ്രത്യേക .. ട്രേയിനിംഗ്, ഇലക്ട്രോണിക് കിറ്റ് ട്രെയിനിംഗ്, എന്നിവ നടത്തുകയും ഇവർ തന്നെ നിർമ്മിച്ച ഇലക്ട്രോണിക് ഉല്പ്പന്നങ്ങൾ പൊതുവിപണിയിൽ എത്തിക്കുകയും ചെയ്തു.

## കിടപ്പു രോഗികളെ സഹായിച്ച് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

ഇലക്ട്രോണിക് ട്രേയിനിംഗ് ,റോബോട്ടിക്സ് എന്നിവയുടെ പരിശിലനത്തിനു ശേഷം എത്തിയ ഞങ്ങളുടെ കൂട്ടുകാർ കിടപ്പുരോഗികൾക്ക് സഹായകമായ ഇലക്ട്രോണിക് ബെൽ നിർമ്മിച്ച് നൽകി. തങ്ങളുടെ ആവശ്യങ്ങൾക്ക് കൂട്ടിരുപ്പുകാരെ ഒരു കൈയ്യനക്കത്തിലൂടെ അടുത്തെത്തിക്കാൻ ഇതിലൂടെ കഴിയുന്നു.

**ഹ്രസ്വചിത്രം 'NO'** : പൊതു വിദ്യാലയങ്ങൾ ലഹരി മുക്തമാക്കാൻ സമഗ്ര പരിപാടിയുമായി മുന്നോട്ടു പോവുകയാണ് നമ്മുടെ ഗവൺമന്റ്. മദ്യം, മയക്കുമരുന്ന്, പുകവലി തുടങ്ങിയ സാമൂഹിക വിപത്തിൽനിന്നും നമ്മുടെ ഭാവി തലമുറയെ കാത്തു സൂക്ഷിക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് മുന്നോട്ട് എത്തിയപ്പോൾ അതിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് 'NO'എന്ന ഹ്രസ്വചിത്രം ഒരുക്കി നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്.

### ലഹരി മാഫിയക്കെതിരെ കുട്ടികളുടെ ഹ്രസ്വചിത്രം

ചെന്നീർക്കര ● നാട്ടിലും ഇടവഴിയിലും കുട്ടികളെ കാത്തിരിക്കുന്ന ലഹരി മാഫിയ. ഏതു നിമിഷവും അവർ നമ്മുടെ കുട്ടികളെ തട്ടിയെടുക്കാൻ കാത്തു നിൽക്കുന്നു.

വിദ്യാർഥികൾക്കിടയിൽ സജീവമാകുന്ന ലഹരി ഉപയോഗത്തിനെതിരെ അവരെ ബോധവൽക്കരിക്കുന്നതിനു എസ്എൻഡിപി എച്ച്എസ്എസിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരുക്കിയ ഹ്രസ്വ ചിത്രം 'നോ' പ്രദർശനത്തിന് ഒരുങ്ങുന്നു.

ലഹരി മുക്ത തലമുറയെ വാർത്തെടുക്കണം എന്ന ലക്ഷ്യത്തോടെ പൂർണമായും വിദ്യാർഥികൾ തന്നെയാണ് ചിത്രത്തിനു പിന്നിൽ അണിനിരക്കുന്നത് . യു. നിരഞ്ജനയാണ് ചിത്രത്തിന്റെ സംവിധായക. എസ്. സച്ചുമോൻ ക്യാമറയും എം. യതിൻ ചിത്രസംയോജനം, എ. എസ്. ദേവസ്മൃതി രചനയും നിർവഹിച്ചിരിക്കുന്നു. അദ്വൈത് എം. അഭിലാഷ്, എം. എ. അശ്വിൻ, എ. അഖിലേഷ്, ഇ. ആർ. ആദിത്യൻ, പി. ജെ. ജസ്റ്റിൻ തുടങ്ങിയവരാണ് അഭിനേതാക്കൾ. അധ്യാപിക അഞ്ജു പ്രസാദ് നേതൃത്വം നൽകി.

നാളെ ചിത്രം സ്കൂളിൽ പ്രദർശിപ്പിക്കും. പരിസ്ഥിതി മലിനീകരണത്തിനെതിരെ കഴിഞ്ഞ വർഷം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഒരുക്കിയ 'സാക്ഷി' എന്ന ഹ്രസ്വചിത്രം ചിൽഡ്രൻസ് എജ്യുക്കേഷൻ ഫിലിം ഫെസ്റ്റിവലിൽ ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ഹ്രസ്വ ചിത്ര മത്സരത്തിൽ മികച്ച ചിത്രത്തിനുള്ള പുരസ്കാരം നേടിയിരുന്നു.

NO

വിദ്യാലയങ്ങളിൽ വളർന്നുവരുന്ന ഒരി സാമൂഹിക വിപത്താണ് മദ്യം, ലഹരി, മയക്കുനരുന്നുപയോഗം എന്നിവയെല്ലാം. വീടുകളിൽനിന്നും സ്കൂളുകളിലേക്ക് ഇറങ്ങുന്ന ഓരോ കുട്ടിയുടേയും രക്ഷിതാക്കളുടെ ആശങ്ക കൂടിയാണിത്. ഓരോ കുടുംബത്തിന്റെയും മുഴുവൻ പ്രതീക്ഷയും വളർന്നുവരുന്ന കുട്ടികളിലാണ്. സാമൂഹിക പ്രതിബദ്ധതയുള്ളവരായി വളരുക, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടാതിരിക്കുക, കുടുംബത്തിന്റെ പ്രതീക്ഷകൾക്കനുസരിച്ച് വളരുക എന്നു തുടങ്ങുന്ന ആശയങ്ങളുമാണ് ഈ ഹ്രസ്വചിത്രത്തിലൂടെ സമൂഹത്തിന് കൈമാറുന്നത്.

## സാക്ഷി- ഒരു അവലോകനം

നമ്മുടെ ഏറ്റവും നല്ല
വിമർശകർ നാം തന്നെ
ആവട്ടെ...

മറ്റൊരാൾ ശ്രദ്ധിക്കുന്നു
എന്ന തിരിച്ചറിവാണ്
നമ്മളെ നല്ലവരാക്കാൻ
പ്രേരിപ്പിക്കുന്നത്...

**എല്ലാം കാണുന്നവൻ സാക്ഷി!**

സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച ചെന്നീർക്കര എസ്.എൻ.ഡി.പി ഹയർസെക്കന്ററി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിയന്റെ കിരീടത്തിൽ ഒരു പൊൻതൂവൽ കൂടി.

ക്യാമറ ട്രേയ്നിംഗ് ഡോക്യുമെന്ററി ക്രിയേഷൻ, ന്യൂസ് മേക്കിംഗ് എന്നിവയുടെ വിശദമായ പഠനത്തിനുശേഷമെത്തിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സാക്ഷി എന്ന പേരിൽ ഹ്രസ്വ ചിത്രം നിർമ്മിക്കുകയുണ്ടയി പൊതു വഴിയിൽ മാലിന്യം നിക്ഷേപിച്ചാൽ എന്ത് ചെയ്യും?

സമൂഹമനസ്സാക്ഷിയെ ചിന്തിപ്പിക്കുന്ന ആശയവുമായി ഒരുക്കിയ ഈ ഹ്രസ്വ ചിത്രം ശ്രദ്ധേയമായി. സ്ക്കൂളിലേക്ക് സ്ഥിരമായി ഒരുമിച്ചു പോകുന്ന അഞ്ചു പേരടങ്ങുന്ന സംഘം. പൊതു വഴിയിൽ സ്ഥിരമായുള്ള മാലിന്യ നിക്ഷേപം അവരെ അസ്വസ്ഥരാക്കുന്നു. കൂട്ടുകാർ ഒത്തുചേർന്ന് ഈ മാലിന്യം ശേഖരിച്ച് സ്ക്കൂളിലെ മാലിന്യ നിക്ഷേപ തൊട്ടിയിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. സംഭവം പതിവായതോടെ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ ഇവർ കണ്ടെത്തുന്ന ആശയത്തിന്റെ കഥയാണ് ഈ ചിത്രം പറയുന്നത്. തുടർച്ചയായ നാലു ദിവസത്തെ കഥയാണ് സാക്ഷിയുടേത്




ശിവജ്യോതി, അരുന്ധതി എന്നിവർ ചേർന്നാണ് സംവിധാനം. വൈഷ്ണവി. എസ് വിജുവിന്റെ കഥയ്ക്ക് ആർ. രോഹിത്, അലീനാ ഉല്ലാസ് എന്നിവർ ചേർന്നാണ് ക്യാമറ ചലിപ്പിച്ചിരിക്കുന്നത്. അനന്ദു അനിൽ കുമാർ, സുബിൻ. കെ.എസ് എന്നിവർ ചേർന്ന് എഡിറ്റ് ചെയ്ത ചിത്രത്തിൽ അഭിനയിച്ചിരിക്കുന്നത്, അദ്വൈത്.ബി, നന്ദു സുനിൽ എന്നിവരാണ്.

സ്റ്റേജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ ടെക്നോളജിയുടെ നേതൃത്വത്തിൽ ആലപ്പുഴയിൽ നടന്ന ഏഴാമത് ഫിലിം ഫെസ്റ്റിവലിൽ താരമായ ഹ്രസ്വ ചിത്രം, മികച്ച തിരകഥ, മികച്ച രണ്ടാമത്തെ ഹ്രസ്വ ചിത്രം എന്നീ പുരസ്ക്കാരങ്ങൾ കരസ്ഥമാക്കി സ്ക്കൂളിനും നാടിനും അഭിമാനകരമായ നിമിഷം സമ്മാനിച്ചു.

" YOU ARE, WHO YOU ARE, WHEN NOBODY IS WATCHING "

- STEPHEN FRY

" THE TRUE TEST OF A MAN'S CHARACTER IS WHAT HE DOES WHEN NO ONE IS WATCHING"

-JOHN WOODEN


## *Freedom Fest*

സ്വതന്ത്ര സോഫ്റ്റ് വെയർ ആശങ്ങളുടെ പ്രചരണത്തോടൊപ്പം സ്വതന്ത്ര ഹാർഡ്‌വെയർ പ്രചാരണവും ലക്ഷ്യം വച്ചിട്ടുള്ള പ്രവർത്തനമാണ് ഫ്രീഡം ഫെസ്റ്റ് എന്ന് ഉദ്ദേശിച്ചത്. Little Kites അംഗങ്ങൾ പോർട്ടബിൾ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ, ഫയർ അലാറം, മൊബൈൽ ആപ് കൺട്രോൾ , ഡോർ ഓപ്പണിംഗ് ഇലക്ട്രോണിക് പ്രോട്ടക്ടർ, robo - hen, Robo -bin തുടങ്ങിയവ നിർമ്മിച്ച് പ്രദർശിപ്പിച്ചു. നിർമ്മിത ബുദ്ധിയും വിദ്യർത്ഥികളും എന്ന വിഷത്തെ അധികരിച്ച് Little Kites അംഗങ്ങൾ സെമിനാർ നടത്തി. ഫ്രീഡം ഫെസ്റ്റുമായി ബന്ധപ്പെട്ട് പോസ്റ്റർ മത്സരം, സൈബർ സെക്യൂരിറ്റി ക്ലാസ്സ് എന്നിവ സംഘടിപ്പിച്ചു.



എന്താണ് തെറ്റായ വിവരങ്ങൾ എന്തുകൊണ്ട് അവ അതിവേഗം പടരുന്നു? സോഷ്യൽ മീഡിയയിലെ ഉള്ളടക്കം ഉപയോഗിക്കുമ്പോൾ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കണം വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നവർ എങ്ങനെ ലാഭമുണ്ടാക്കുന്നു പൗരൻമാർക്ക് എന്ത് നടപടികൾ ആരംഭിക്കാൻ കഴിയും തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു.






### സത്യമേവ ജയതെ

ഡിജിറ്റസ് മീഡിയ സാക്ഷരത വികസിപ്പിക്കുന്നതിന്റെ ഭാഗമായി Little Kites യൂണിയന്റെ ഭാഗമായി കുട്ടികൾക്കും നാട്ടുകാർക്കും അമ്മമാർക്കും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. സമീപ സ്കൂളുകൾക്ക് പുറമേ അടുത്തുള്ള കോളനികളിലും ചെന്നീർക്കര പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലും കുട്ടികൾ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

### *Little Kites ന്റെ Tech- Onam*

ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ നൂതന മേഖലകൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നതാണ്. ക്യാമ്പ്. ഓണത്തിന്റെ പഴമയുടെ മാഹാത്മ്യം കുട്ടികളിൽ പുത്തൻ സാങ്കേതിക വിദ്യയിലൂടെ പകർന്നു നൽകുന്നതിനായി പ്രോഗ്രാമിംഗ് സോഫ്റ്റ് വെയർ ആയ സ്ക്രാച്ചിന്റെ സഹായത്തോടെ പുലികളിയുടേയും, വള്ളംകളിയുടേയും വായ്ത്താരിയും താളവും കൊണ്ട് പുതിയ താളമേളം ഒരുക്കി. ഓപ്പൺ ടൂൾസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് അനിമേഷനും പശ്ചാത്തല സംഗീതവും ഉൾപ്പെടുത്തി പ്രെമോ വീഡിയോയും തയ്യാറാക്കി. നാട്ടുപൂക്കൾ തേടി കണ്ടത്തുന്ന പൂവേ പൊലി പൂവേ എന്ന തനി നാടൻ കംപ്യൂട്ടർ ഗെയിം നാല് ഘട്ടങ്ങളിലായി വികിസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി. അൻപതോളം കുട്ടികൾക്ക് ഇതൊരു പുത്തൻ അനുഭവ


ചെന്നീർക്കര എസ്.എൻ.ഡി.പി.എച്ച്.എസ്.എസിൽ ടെക് ഓണം

ചെന്നീർക്കര: ചെന്നീർക്കര എസ്.എൻ.ഡി.പി ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ടെക്കോണം സംഘടിപ്പിച്ചു.

ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ നൂതന മേഖലകൾ വിദ്യാർത്ഥികളിൽ പരിചയപ്പെടുത്തുന്നതാണ് ക്യാമ്പ്.

ഓണത്തിന്റെ പഴമയുടെ മാഹാത്മ്യം കുട്ടികളിൽ പുത്തൻ സാങ്കേതികവിദ്യയിലൂടെ പകർന്നു നൽകുന്നതിനായി പ്രോഗ്രാമിംഗ് സോഫ്റ്റ്‌വെയറായ സ്ക്രാച്ചിന്റെ സഹായത്തോടെ പുലികളിയുടെയും വള്ളംകളിയുടെയും വായ്ത്താരിയും താളവും കൊണ്ട് പുതിയ താളമേളം ഒരുക്കി.

ഓപ്പൺ ടൂൾസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അനിമേഷനും പശ്ചാത്തല സംഗീതവും ഉൾപ്പെടുത്തി പ്രൊമോ വീഡിയോയും തയാറാക്കി. നാട്ടുപൂക്കൾ തേടി കണ്ടെത്തുന്ന 'പൂവേ പൊലി പൂവേ' എന്ന തനിനാടൻ കമ്പ്യൂട്ടർ ഗെയിം നാല് ഘട്ടങ്ങളിലായി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി. അമ്പതോളം വിദ്യാർത്ഥികൾക്ക് ഇതൊരു പുത്തൻ അനുഭവം ആയിരുന്നു. ക്യാമ്പിന് കൈറ്റ് മിസ്ട്രസ് നേതൃത്വം നൽകി.

ചെന്നീർക്കര എസ്. എൻ. ഡി. പി ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ടെക് ഓണം സംഘടിപ്പിച്ചപ്പോൾ

## Young Innovators Programme (YIP)

നാടിന്റെ സുസ്ഥിര വികസനത്തിന് ദൈനംദിന ജീവിതത്തിൽ വിവിധ മേഖലകളിൽ സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമായി നിരവധി ഇന്നോവേഷനുകൾ അഥവാല നവീകരണങ്ങൾ നമുക്ക് ചുറ്റും നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇന്നോവേഷനുകൾ ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യം കേരളത്തിൽ നിർവ്വഹിക്കപ്പെടുന്നത് K-DISC ലൂടെയാണ്. YIP യുടെ ക്ലാസ്സും വിവിധ പ്രവർത്തനങ്ങളും Little Kites യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. Robo - Bin, Onstacle Avoidence Robotm Bluetooth cantol Robot എന്നിവ YIP യുടെ ഭീഗമായി കുട്ടികൾ വികസിപ്പിച്ച് എടുത്തു.

## വന്നാട്ടെ.... ഇട്ടാട്ടെ...... പോയാട്ടെ

Robo - Bin ചെന്നീർക്കര Little Kitrs Unit

മാലിന്യം നിക്ഷേപിക്കാൻ മടിപിടിച്ചിരിക്കുന്നവർക്ക് ആശ്വാസമായി ചെന്നീർക്കര Little Kitrs Unit ന്റെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ തയ്യാരാക്കിയ റോബോ-ബിൻ ആളുകൾ മാലിനിയവുമായി എത്തുമ്പോൾ മൂടി തന്നെ തുറന്ന് സ്വീകരിക്കുന്നു. ഒപ്പം വന്നാട്ട് എന്ന ശബ്ദവും മാലിന്യം നിക്ഷ്പിക്കാനായി ഇട്ടാട്ടെ എന്ന പറയുകയും തുടർന്ന് പോയാട്ടെ എന്ന ശബ്ദത്തോടുകൂടു മൂടി തനിയെ അടയുകയും ചെയ്യുന്നുയ അഡഞളകചഠ ഉപയോഗിച്ച് തയ്യാറാക്കിയ റോബോ - ബിൻ കുട്ടികൾക്കും സമീപവാസികൾക്കും പുതിയ അനുഭവമായിരുന്നു. സ്കൂളിലെ എല്ലാ ക്ലാസ്സുകളിലും സ്കൂൾ പരിസരത്തും റോബോ-ബിൻ സ്ഥാനം പിടിച്ച് കഴിഞ്ഞു. മാലിന്യമുക്ത ചെന്നീർക്കരയുടെ ഭാഗാമായി ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടുകൂടി റോബോ - ബിൻ പഞ്ചായത്ത് മുഴുവൻ വ്യാപിപ്പിക്കൻ ഉള്ള ശ്രമത്തിലാണ് Little Kitrs Unit



ദേശാഭിമാനി PTA

# റോബോ പറയും... 'മാലിന്യം ഇട്ടാട്ടേ'....

റോബോബിന്നുമായി ചെന്നീർക്കര എസ്എൻഡിപി എച്ച്എസ്എസിലെ വിദ്യാർഥികൾ

**ചെന്നീർക്കര**

'വന്നാട്ടേ...ഇട്ടാട്ടേ...പോയാട്ടേ...' എന്ന് നാടൻ ശൈലിയിൽ പറയുന്നൊരു റോബോട്ട്. വേറെ എവിടെയെങ്കിലും കൊണ്ടിടാൻ പോയ മാലിന്യം ഈ റോബോ ബിന്നിൽ തന്നെ നമ്മളെല്ലാം കൊണ്ടിടും. റോബോട്ട് ഇത്ര കാര്യമായി വിളിച്ചാൽ കണ്ടില്ലെന്ന് നടിച്ച് പോകാനാവുമോ... ചെന്നീർക്കര എസ്എൻഡിപി എച്ച്എസ്എസിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയതാണ് റോബോബിൻ.

മാലിന്യവുമായി വരുമ്പോൾ മൂടി താനേ തുറന്ന് സ്വീകരിക്കും. സമീപമെത്തുമ്പോൾ 'വന്നാട്ടേ...' എന്നും മൂടി തുറന്ന് 'ഇട്ടാട്ടേ...' എന്നും മാലിന്യം നിക്ഷേപിച്ച് കഴിഞ്ഞാൽ 'പോയാട്ടേ...'എന്നും ശബ്ദം പുറപ്പെടുവിക്കുകയും ചെയ്യും. സ്കൂൾ വിദ്യാർഥികൾക്കും സമീപവാസികൾക്കും കൗതുകമാവുകയാണ് എല്ലാ ക്ലാസ് മൂലയിലും സ്ഥാനം പിടിച്ച റോബോബിൻ. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന് സർക്കാരിൽനിന്ന് അനുവദിച്ച അർഡിനോ കിറ്റ് ഉപയോഗിച്ചാണ് ഹൈസ്കൂൾ വിദ്യാർഥികൾ ബിൻ നിർമിച്ചത്.

അശ്വിൻ ബിനോജ്, മഹി മനോജ്, ഡാൻ വർഗീസ്, അക്ഷര അനിൽകുമാർ, സി വി സ്മയ, നന്ദന സജിത്ത്, ജിന്റു ചെറിയാൻ, ജിയ സാറ റെജി, ജീവൻ എം സാമുവൽ എന്നീ വിദ്യാർഥികളുടെ നേതൃത്വത്തിലായിരുന്നു ബിൻ നിർമാണം.

## കുട്ടികളെ അറിയുന്ന Tech അമ്മമാർ – ഇനി ഫാമിലി ലിങ്ക്

കുട്ടികൾക്ക് ഇപ്പോ കഴിക്കുന്ന ആപ്പിളിനേക്കാൾ ഇഷ്ടം മൊബൈൽ ഫോണും ടാബും ആണ്. മൈതാനത്ത് ിറങ്ങി ഫുട്ബോൾ, ക്രിക്കറ്റ് ഇവ കളിക്കുന്നതിനേക്കാൾ താൽപര്യം മുറിക്കുള്ളിൽ വളഞ്ഞ് കുത്തിയിരുന്ന് മൊബൈൽഫോൺ കളിക്കുന്നതാണ് കുട്ടികളുടെ സ്മാർട്ട് ഫോൺ, കംപ്യൂട്ടർ ഉപയോഗം എങ്ങനെ സുരക്ഷിതമാക്കാം എന്നതിനെപ്പറ്റി അമ്മമാർക്ക് ബോധവൽക്കരണ ക്ലാസ്സുകളും ഫാമിലി ലിങ്ക് സൃഷ്ടിക്കുകയും Little Kitrs Unit ന്റെ നേതൃത്വത്തിൽ നടത്തി. കുട്ടികൽ ഏതെല്ലാം ആപ്ലിക്കേഷനുകൾ ഇൻസ്റ്റാൾ ചെയ്യുന്നു. ആപ്ലിക്കേഷനുകളിൽ പണമിപാടുകൾ നടത്തുന്നുണ്ടോ, ഓരോ ആപ്ലിക്കേഷനും അവർ എത്രനേരം ഉപയോഗിക്കുന്നു എന്നെല്ലാം ഫാമിലി ലിങ്ക് ആപ്ലിക്കേഷനിലൂടെ നിരീക്ഷിക്കാൻ മാതാപിതാക്കൾക്ക് സാധിക്കും.

അധ്യാപകർ നിർദ്ദേശിക്കുന്ന ആപ്ലിക്കേനുകളുടെ ഒരു പ്രത്യേക വിഭാഗവും ഫാമിലി ലിങ്കിലുണ്ട്. ഫാമിലി ലിങ്കുലൂടെ കുട്ടികളുടെ ഫോണിലെ സ്ക്രീൻ ടൈം നിശ്ചയിക്കാൻ മാതാപിതാക്കൾക്ക് സാധിക്കും. കുട്ടികൾ പരിധിയിൽ കൂടതൽ ഉപയോഗിക്കുന്നു എങ്കിൽ അകലെ നിന്ന് ആ ഫോൺ ലോക്ക് ചെയ്യാനും മാതാപിതാക്കൾക്ക് ഫാമിലി ലിങ്കിലൂടെ സാധിക്കും. ഫാമിലി ലിങ്കിന് ഫാമിലി ലിങ്ക് ഫോർ പേരന്റ്സ്, ഫാമിലി ലിങ്ക് ഫോർ ചിൽഡ്രൻ ആന്റ് ടീൻസ് എന്നിങ്ങനെ





ഒന്ന് രക്ഷിതാവിന്റെ ഫോണിലും മറ്റേത് കുട്ടിയുടെ ഫോണിലുമാണ് ഇൻസ്റ്റാൾ ചെയ്യേണ്ടത്. പ്ലേ സ്റ്റോറിൽ ഇവ ലഭ്യമാണ്.

ഈ ആപ്ലിക്കേഷനുകൾ അതാത് ഫോളുകളിൽ ഇൻസ്റ്റാൾ ചെയ്ത് തമ്മിൽ ബന്ധിപ്പിക്കണം. അതിനുള്ള നിർദ്ദേശങ്ങൾ ഘട്ടഘട്ടമായി ആപ്ലിക്കേഷനുകൾ നൽകിയിട്ടുണ്ട്. ഒന്നിലധികം കുട്ടികൽ ഉണ്ടെങ്കിൽ അവരുടെ ഫോണുകളെല്ലാം ഫാമിലി ലിഹ്ക് അപ്പുമായി ബന്ധിപ്പിക്കാവുന്നതാണ്.

കുട്ടികളുടെ ഫോണും രക്ഷിതാവിന്റെ ഫോണിലെ ഫാമിലി ലിങ്ക് ആപ്ലിക്കേഷനുമായി ബന്ധിപ്പിച്ച് കഴിഞ്ഞാൽ സെറ്റിംഗ്സ് വഴി കുട്ടിയുടെ ഫോണിലെ ഗൂഗിൾപ്ലേ, ക്രോം, ഗൂഗിൽ പേജ് എന്നിവയിലേക്ക് പ്രവേശനം ലഭിക്കും. സ്ക്രീൻ ടൈം , ഡിവൈസ് ആക്റ്റിവിറ്റി, ഇൻസ്റ്റാൾ ചെയ്ത ആപ്ലിക്കേഷനുകൾ എതെല്ലാം എന്നിവ ഇതുവഴി അറിയാം.

കുട്ടികളുടെ ലോക്കേഷൻ അനിയുവാനും ഫാമിലി ലിങ്ക് അപ്പിലൂടെ രക്ഷിതാവിന് സാധിക്കും. എന്നാൽ കുട്ടിയുടെ ഫോണിൽ ഡാറ്റാകണക്ഷൻ ഓൺ ചെയ്തെങ്കിൽ മാത്രമേ ഇവ സാധിക്കൂ. കുട്ടികൾ ഇന്റർനെറ്റിൽ സേർച്ച് ചെയ്യുന്നത് സുരക്ഷിതമാക്കാൻ സോഫ്റ്റ് സേർച്ച് സൗകര്യവും ഫാമിലി ലിങ്കിലുണ്ട്



# ലഹരിക്ക് വലിയൊരു 'നോ'

പത്തനംതിട്ട

ലഹരിയോട് 'നോ' എന്ന് ഉറപ്പിച്ച് പറയാൻ കുട്ടികളെ പഠിപ്പിക്കാം. വിദ്യാർഥികൾക്കിടയിൽ സജീവമാകുന്ന ലഹരി ഉപയോഗത്തിനെതിരെയും അവരെ ബോധവൽക്കരിക്കാനും ചെന്നീർക്കര എസ്എൻഡിപിഎച്ച് എസ്എസിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരുക്കിയ ഹ്രസ്വചിത്രം നോ പ്രദർശനത്തിനൊരുങ്ങുന്നു.

വിദ്യാർഥികൾ ലഹരി മാഫിയക്ക് കീഴ്പ്പെടുന്നതും ഇവരുടെ ലഹരി ഉപയോഗവും തുടർന്നുണ്ടാകുന്ന സംഭവവികാസങ്ങളുമാണ് ചിത്രം പറയുന്നത്. പൊതുസമൂഹത്തിന്റെ ഇടപെടൽ, മാതാപിതാക്കളുടെ ആശങ്ക എന്നിവയും ഹൃദ്യമായി ആവിഷ്ക്കരിക്കുന്നു. ലഹരി ബോധവൽകരണത്തിന്റെ ഭാഗമായി ജില്ലയിലെ വിവിധ ഭാഗങ്ങളിൽ പ്രദർശിപ്പിക്കാനും പദ്ധതിയുണ്ട്. ലഹരി ഉപയോഗം കുട്ടികളെയും മാതാപിതാക്കളെയും എത്രത്തോളം ബാധിക്കുന്നുവെന്ന തിരിച്ചറിവ് വിദ്യർഥികളിൽ ഉണ്ടാക്കാനാണ് ഹ്രസ്വചിത്രം ഒരുക്കിയതെന്ന് അണിയറ പ്രവർത്തകരായ വിദ്യാർഥികൾ പറയുന്നു.

വിദ്യാർഥിനിയായ യു നിരഞ്ജനയാണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്. എസ് സച്ചുമോൻ ക്യാമറയും എം യതിൻ ചിത്രസംയോജനവും എ എസ് ദേവസ്മൃതി രചനയും നിർവഹിച്ചിരിക്കുന്നു. അദ്വൈത് എം അഭിലാഷ്, എം എ അശ്വിൻ, എ അഖിലേഷ്, ഇ ആർ ആദിത്യൻ, പി ജെ ജസ്റ്റിൻ എന്നിവർ ചിത്രത്തിൽ അഭിനയിച്ചു. അധ്യാപിക അഞ്ജു പ്രസാദിന്റെ നേതൃത്വത്തിലാണ് ചിത്രം ഒരുക്കിയിരിക്കുന്നത്. വെള്ളിയാഴ്ച സ്കൂളിൽ പ്രദർശിപ്പിക്കും.

ചെന്നീർക്കര എസ്എൻഡിപി എച്ച്എസ്എസിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ ഹ്രസ്വചിത്രം ഒരുക്കുന്നു

## ലഹരിക്ക് വലിയൊരു നോ

ലഹരിയോട് നോ എന്ന് ഉറപ്പിച്ച് പറയാൻ കുട്ടികളെ പഠിപ്പിക്കാം. കുട്ടികൾക്കിടയിൽ സജീവമാകുന്ന ലഹരി ഉപയോഗത്തിനെതിരെയും അവരെ ബോധവൽക്കരിക്കാനും ചെന്നീർക്കര എസ്.എൻ.ഡി.പിഎച്ച്.എസ്.എസ് ലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരുക്കിയ ഹ്രസ്വചിത്രം നോ പ്രദർശനത്തിനൊരുങ്ങുന്നു.

കുട്ടികൾ ലഹരി മാഫിയക്ക് കീഴ്പ്പെടന്നതും ഇവരുടെ ലഹരി ഉപയോഗവും തുടർന്നുണ്ടാകുന്ന സംഭവ വികാസങ്ങളുമാണ് ചിത്രം പറയുന്നത്. പൊതുസമൂഹത്തിന്റെ ഇടപെടൽ, മാതാപിതാക്കളുടെ ആശങ്ക, എന്നിവയും ഹൃദ്യമായി ആവിഷ്കരിക്കുന്നു. ലഹരി ബോധവൽക്കരണത്തിന്റെ ഭാഗമായി ജില്ലയിലെ വിവിധ ഭാഗങ്ങളിൽ പ്രദർശിപ്പിക്കാനും പദ്ധതിയുണ്ട്. ലഹരി ഉപയോഗം കുട്ടികളേയും മാതാപിതാക്കളേയും എത്രത്തോളം ബാധിക്കുന്നു എന്ന തിരിച്ചറിവ് വിദ്യാർത്ഥികളിൽ ഉണ്ടാക്കാനാണ് ഹ്രസ്വചിത്രം ഒരുക്കിയതെന്ന് അണിയറ പ്രവർത്തകരായ വിദ്യാർത്ഥികൾ പറയുന്നു. വിദ്യാർത്ഥിനിയായ യു. നിരഞ്ജനയാണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്. എസ്. സച്ചുമോൻ ക്യാമറയും എം. യതിൻ ചിത്ര സംയോജനവും എ.എസ്. ദേവസ്മൃതി രചനയും നിർവ്വഹിച്ചിരിക്കുന്നു. അദ്വൈത് എം., അഭിലാഷ്, എം..എ. അ്വിൻ, എ. അഖിലേഷ്, ഇ. ആർ. ആദിത്യൻ, പി.ജെ. ജസ്റ്റിൻ എന്നിവർ ചിത്രത്തിൽ അഭിനയിച്ചു. അധ്യാപിക അഞ്ചുപ്രസാദിന്റെ നേതൃത്വത്തിലാണ് ചിത്രം ഒരുക്കിയിരിക്കുന്നത്. വെള്ളിയാഴ്ച സ്കൂളിൽ പ്രദർശിപ്പിക്കും.



# ലഹരി മാഫിയക്കെതിരെ കുട്ടികളുടെ ഹ്രസ്വചിത്രം

ചെന്നീർക്കര ● നാട്ടിലും ഇടവഴിയിലും കുട്ടികളെ കാത്തിരിക്കുന്ന ലഹരി മാഫിയ. ഏതു നിമിഷവും അവർ നമ്മുടെ കുട്ടികളെ തട്ടിയെടുക്കാൻ കാത്തു നിൽക്കുന്നു.

വിദ്യാർഥികൾക്കിടയിൽ സജീവമാകുന്ന ലഹരി ഉപയോഗത്തിനെതിരെ അവരെ ബോധവൽക്കരിക്കുന്നതിനു എസ്എൻഡിപിഎച്ച്എസ്എസിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരുക്കിയ ഹ്രസ്വ ചിത്രം 'നോ' പ്രദർശനത്തിന് ഒരുങ്ങുന്നു.

ലഹരി മുക്ത തലമുറയെ വാർത്തെടുക്കണം എന്ന ലക്ഷ്യത്തോടെ പൂർണമായും വിദ്യാർഥികൾ തന്നെയാണ് ചിത്രത്തിനു പിന്നിൽ അണിനിരക്കുന്നത് . യു. നിരഞ്ജനയാണ് ചിത്രത്തിന്റെ സംവിധായക. എസ്. സച്ചുമോൻ ക്യാമറയും എം. യതിൻ ചിത്രസംയോജനം, എ. എസ്. ദേവസ്മൃതി രചനയും നിർവഹിച്ചിരിക്കുന്നു. അദ്വൈത് എം. അഭിലാഷ്, എം. എ. അശ്വിൻ, എ. അഖിലേഷ്, ഇ. ആർ. ആദിത്യൻ, പി. ജെ. ജസ്റ്റിൻ തുടങ്ങിയവരാണ് അഭിനേതാക്കൾ. അധ്യാപിക അഞ്ജു പ്രസാദ് നേതൃത്വം നൽകി.

നാളെ ചിത്രം സ്കൂളിൽ പ്രദർശിപ്പിക്കും. പരിസ്ഥിതി മലിനീകരണത്തിനെതിരെ കഴിഞ്ഞ വർഷം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഒരുക്കിയ 'സാക്ഷി' എന്ന ഹ്രസ്വചിത്രം ചിൽഡ്രൻസ് എജ്യുക്കേഷൻ ഫിലിം ഫെസ്റ്റിവലിൽ ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ഹ്രസ്വ ചിത്ര മത്സരത്തിൽ മികച്ച ചിത്രത്തിനുള്ള പുരസ്കാരം നേടിയിരുന്നു.







Gouri Krishna



Abhirami S.




Dhanush T. Manoj



Sreelal K.S



Abhinav S.



Sayanth S.



Vyshnavi



Sayanth S.




Sanika Saji




Aswini S.




Sreelal K.S



Arya G.



Nandhana Pradeep



Vismaya C.






Abhinav S.






Punya Remesh



Abhinav



Durga Madhuri Lal